"ഭരണഭാഷ - മാതൃഭാഷ"

നം:-DGE/2565/2026-A5

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 10-04-2026

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - 2026-27 അദ്ധ്യയന വർഷത്തെ അധ്യാപകരുടെ റവന്യൂ ജില്ലാതല ഓൺലൈൻ പൊതു സ്ഥലംമാറ്റം - തീയതി പുനക്രമീകരിക്കുന്നത് - സംബന്ധിച്ച്:-

സൂചന :- 1. 17.02.2026-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഇതേ നമ്പർ സർക്കുലർ

*****

2026-27 അദ്ധ്യയന വർഷത്തെ അധ്യാപകരുടെ റവന്യൂ ജില്ലാതല ഓൺലൈൻ പൊതു സ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള തീയതി ചുവടെ ചേർക്കും വിധം പുനക്രമീകരിക്കുന്നു.

| | | |
|---|---|---|
| 1 | ഓരോ ജില്ലയിലേയും 30/06/2026 വരെയുള്ള ഒഴിവുകളുടെ വ്യക്തമായ കണക്ക് നിശ്ചിത മാതൃകയിൽ വെബ് സൈറ്റിൽ ഉൾപ്പെടുത്തേണ്ട തീയതി | 16.03.2026 മുതൽ 26.03.2026 വരെ |
| 2 | അപേക്ഷ സ്വീകരിക്കുന്ന തീയതി | 27.03.2026 മുതൽ 18.04.2026 വരെ |
| 3 | സ്കൂൾ തലത്തിലും വിദ്യാഭ്യാസ ഉപജില്ലാതലത്തിലും അപേക്ഷ പരിശോധിക്കുന്നതിന് അനുവദിക്കുന്ന സമയം | 19.04.2026 മുതൽ 30.04.2026 വരെ |
| 4 | വിദ്യാഭ്യാസ ഉപഡയറക്ടറുടെ ആഫീസിൽ അപേക്ഷ പരിശോധിക്കലും, സീനിയോറിറ്റി തയ്യാറാക്കലും (അപേക്ഷകളിൽ പ്രധാനാദ്ധ്യപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ രേഖാമൂലം തിരുത്തലുകൾ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് ടി കാലയളവിൽ തിരുത്തേണ്ടതാണ്) | 01.05.2026 മുതൽ 12.05.2026 വരെ |
| 5 | ജില്ലയിൽ ഓരോ തസ്തികയിലേയ്ക്കും ലഭിച്ച അപേക്ഷകളുടെ വിശദാംശങ്ങൾ (സീനിയോറിറ്റി അടങ്ങിയ സംക്ഷിപ്ത രൂപം) പ്രസിദ്ധീകരിക്കുന്നത്. | 18.05.2026 |
| 6 | അപേക്ഷകർക്ക് ആക്ഷേപം സമർപ്പിക്കുന്നതിനുള്ള സമയം | 20.05.2026 മുതൽ 23.05.2026 വരെ |
| 7 | താൽക്കാലിക സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കൽ | 25.05.2026 |
| 8 | താൽക്കാലിക സ്ഥലംമാറ്റ ഉത്തരവിൽ ആക്ഷേപം സമർപ്പിക്കുന്നതിനുള്ള സമയം | 26.05.2026 മുതൽ 29.05.2026 വരെ |
| 9 | അന്തിമ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കൽ | 30.05 2026 |

സൂചന സർക്കുലറിലെ "പ്രത്യേക മുൻഗണന (പ്രഥമ ഗണനീയമോ പരിരക്ഷിക്കപ്പെട്ടവരോ

ആയ)" അർഹിക്കുന്ന വിഭാഗത്തിലെ ഇനം നം.14 (മിശ്ര വിവാഹിതർ) -ന് നേരെ ചേർത്തിട്ടുള്ള (മുൻഗണന തെളിയിക്കാൻ അപ്‌ലോഡ് ചെയ്യേണ്ട ഡോക്യുമെന്റ്) 'ഒരാൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ആയിരിക്കണം' എന്ന നിബന്ധന ഒഴിവാക്കുന്നു.

വിദ്യാഭ്യാസ ഓഫീസർമാർ ഈ വിഷയത്തിൽ മേല്പറഞ്ഞ പ്രകാരം തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

Digitally signed by
Minimol D
Date: 10-04-2026
12:39:41

പെൻ 101614
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
(ഗവ. അഡീഷണൽ സെക്രട്ടറി)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്:

1.സി.ഇ.ഒ, കൈറ്റ്, തിരുവനന്തപുരം പൂജപ്പുര (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി)

2.എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും, പ്രധാനാദ്ധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)

പകർപ്പ്:

1. എ1, എ3, എ6 സെക്ഷൻ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
2. കരുതൽ ഫയൽ